**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2830** **24-02-2026 - ൽ മറുപടിയ്ക്ക്**

**മങ്കട ഗ്രാമപഞ്ചായത്തിലെ വലിയ തോടിന് സംരക്ഷണ ഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ഗ്രാമപഞ്ചായത്തിലെ വലിയ തോടിന് സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ വശങ്ങൾ പതിവായി ഇടിഞ്ഞ് താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **മങ്കട ഗ്രാമപഞ്ചായത്തിലെ വലിയ തോടിന് സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ വശങ്ങൾ പതിവായി ഇടിഞ്ഞ് താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 2025 -2026 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ പ്രവൃത്തികളുടെ മുൻഗണനാ പട്ടികയിൽ 40.00 ലക്ഷം രൂപ തുക വരുന്ന "Side protection-Mankada-LAC- for Valiyathodu Near Aruthiruthi Check dam” എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.** |
| (ബി) | പ്രസ്തുത തോടിലെ കൂട്ടപ്പാലയിലും കുളത്തോട്-കൂട്ടപ്പാല കൈതോട്ടിലും വശങ്ങളുടെ സംരക്ഷണത്തിന് കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള പ്രവൃത്തി 2025-26 ലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിട്ടുള്ളതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | കർഷകർക്കും പൊതുജനങ്ങൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ